<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഏട്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *231 — 1.4.2013-ലെ മറുപടിക്ക്

## <u>സർക്കാരാശുപത്രികളിലെ രോഗ പരിശോധനാ സംവിധാനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. എഫ്. തോമസ്<br>,, തോമസ് ഉണ്ണിയാടൻ<br>,, മോൻസ് ജോസഫ്<br>, , റ്റി .യു. കുരുവിള | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സർക്കാർ ആശുപത്രികളിൽ നിന്നും രക്ത പരിശോധനയ്ക്കും മറ്റു പരിശോധനകൾക്കും വ്യാപകമായി രോഗികളെ സ്വകാര്യ ലാബിലേക്ക് വിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ സർക്കാർ ആശുപത്രികളിലെ ലാബുകളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ വർഷവും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ലാബുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുളള നടപടി സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മിക്കവാറും എല്ലാ പരിശോധനകൾക്കും ഉളള സൗകര്യങ്ങൾ ലഭ്യമാണ്. എന്നാൽ അപൂർവ്വം ചില പരിശോധനകൾ ലഭ്യമല്ല. അപ്രകാരം ലഭ്യമല്ലാത്ത പരിശോധനകൾ രോഗ നിർണ്ണയത്തിന് അത്യാവശ്യം വരുന്ന ഘട്ടങ്ങളിൽ ആശുപത്രിയ്ക്ക് പുറത്തുളള ലാബുക ളിലേയ്ക്ക് റഫർ ചെയ്യാറുണ്ട്. 2012-13 -ൽ 1700 ലക്ഷം രൂപ ലാബുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് വകയിരുത്തിയിട്ടുണ്ട്.<br>ആർ.എസ്.ബി.വൈ പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ സ്വകാര്യ ലാബുകളുമായി കുറഞ്ഞ നിരക്കിൽ കരാർ ഏർപ്പെടുത്തി രോഗികളെ സഹായിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | എല്ലാ സർക്കാർ ആശുപത്രികളിലും പി.എച്ച്.സികളിലും രക്ത പരിശോധ നയും മറ്റു പരിശോധനകളും നടത്തു ന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്ന തിന് എന്തെല്ലാം നടപടികൾ സ്വീകരി ക്കാൻ ഉദ്ദേശിക്കുന്നു; വിശദമാ ക്കുമോ? | ബി) | സംസ്ഥാന ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം ലാബ് സൗക ര്യങ്ങൾ പരമാവധി എല്ലാ ആശുപത്രികളിലും ഏർപ്പെടുത്തി യിട്ടുണ്ട്. സംസ്ഥാനത്ത് ഒരു സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബും കോഴിക്കോട് എറണാകുളം, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബും നിലവിലുണ്ട്. എല്ലാ പ്രധാന പരിശോധനകളും ഈ ലാബുകളിൽ നടത്തുവാനുള്ള സൗകര്യം ഉണ്ട്. ലാബുകൾ ഇല്ലാത്ത പ്രൈമറി ഹെൽത്ത് സെന്ററുകളിൽ സർക്കാർ അംഗീകാരം ലഭിക്കുന്നത നുസരിച്ച് ലാബ് സൗകര്യം ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ